**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 9** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഫയലുകളിൽ തീർപ്പാക്കാതെ മാറ്റിവെക്കുന്ന ഉദ്യോഗസ്ഥർക്കെതിരേ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ബഹു. മന്ത്രിമാർ അംഗീകരിച്ച് ഒപ്പിട്ട ഫയലുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിയതിനുശേഷം എത്ര ദിവസത്തിനുള്ളിൽ അല്ലെങ്കിൽ എത്ര മണിക്കൂറുകൾക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത വിവരം ക്യാബിനറ്റ് തീരുമാനമുള്ള ഫയലുകളിലും അല്ലാത്ത ഫയലുകളിലും എന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ (SOM) ഖണ്ഡിക 30 പ്രകാരം ഉചിതതലത്തിൽ തീരുമാനമായ ഫയലുകളിൽ (ക്യാബിനറ്റ് തീരുമാനമല്ലാത്തവ) പ്രസ്തുത തീരുമാനം എപ്രകാരമാണ് ആശയവിനിമയം ചെയ്യേണ്ടത്/ തീർപ്പാക്കേണ്ടത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സമയപരിധി നിഷ്കർഷിച്ചിട്ടില്ല.<br><br>ക്യാബിനറ്റ് തീരുമാനമുള്ള ഫയലുകളിൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവ് ലഭിച്ച ഫയലുകളിൽ മന്ത്രിസഭാ കുറിപ്പുകൾ 3 ദിവസത്തിനകം സമർപ്പിക്കണമെന്ന് സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ (SOM) ഖണ്ഡിക 190(xii)ലും 11-08-2025-ലെ 416/എസ്.സി1/2025/പൊ.ഭ.വ (എസ്.സി) എന്ന സർക്കുലറിലും വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ബഹു: മന്ത്രിമാർ അംഗീകരിച്ച് ഒപ്പിട്ട ഫയലുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിയതിനുശേഷം മാസങ്ങളോ ആഴ്ചകളോ ഉത്തരവ് ഇറക്കാതെ ഫയൽ പിടിച്ചുവെക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ടോ; എങ്കിൽ ഏതെല്ലാം തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ; | (ബി) | ഏൽപ്പിക്കപ്പെട്ട ചുമതലകളിൽ/ഔദ്യോഗിക കൃത്യനിർവഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നവർക്കെതിരെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടി അതത് വകുപ്പുമേധാവികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അവ ഓരോന്നും വിശദമാക്കാമോ? | (സി) | ഏൽപ്പിക്കപ്പെട്ട ചുമതലകളിൽ/ഔദ്യോഗിക കൃത്യനിർവഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നവർക്കെതിരെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അച്ചടക്കനടപടി അതത് വകുപ്പുമേധാവികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ